

പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്

പതിനാലാം പഞ്ചവത്സര പദ്ധതി

(2022-2027)

അന്തിമ പദ്ധതി രേഖ

2024-25

ഉള്ളടക്കം

ആമുഖം : 3

പൊതുവിവരങ്ങൾ : 4

അധ്യായം 1

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ

വികസന സ്ഥിതി,അവസ്ഥ : 10

അധ്യായം 2

വാർഷിക പദ്ധതി അവലോകനം : 19

അധ്യായം 3

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും : 34

അധ്യായം 4

വികസന കാഴ്ചപ്പാട്,ലക്ഷ്യങ്ങൾ,തന്ത്രങ്ങൾ : 47

അധ്യായം 5

വിഭവസ്രോതസ്സുകളും വകയിരുത്തലുകളും : 53

അധ്യായം 6

പ്രൊജക്ടുകളും അവയുടെ വിശദാംശങ്ങളും : 60

അധ്യായം 7

പ്രത്യേക പദ്ധതികൾ/ പരിപാടികൾ : 86

അധ്യായം 8

വായ്പാ ബന്ധങ്ങൾ : 90

അധ്യായം 9

സമഗ്ര പരിപാടികളും സംയോജന സാധ്യതകളും : 91

അധ്യായം 10

മോണിറ്ററിംഗ് : 92



ആമുഖം

സമസ്തമേഖലയിലും സുസ്ഥിരവികസനവും പാർശ്വവൽകൃത സമൂഹത്തെ ചേർത്തുനിർത്തിയും പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ട് പോകുകയാണ്. അധികാരവികേന്ദ്രീകരണം വികസനരംഗത്ത് സൃഷ്ടിച്ച ഭൗതിക പുരോഗതിക്കൊപ്പം സാമൂഹ്യനീതിയും, സ്ത്രീശാക്തീകരണവും, പരിസരശുചിത്വവും, പരിസ്ഥിതി സംരക്ഷണവും സാമൂഹ്യ പ്രതിബദ്ധതയോടെ കൂടി നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. സുസ്ഥിര വികസനത്തോടൊപ്പം ജന ജീവിതനിലവാരം ഉയർത്തുന്നതിനും സേവനരംഗത്തെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും മുൻഗണന നൽകേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ഔന്നിത്യവും പുരോഗതിയും ലക്ഷ്യമാക്കിയുള്ള വികസനപദ്ധതികൾ അനിവാര്യമാണ്. സ്ത്രീസൗഹൃദ ശിശു സൗഹൃദ പഞ്ചായത്ത് എന്ന ലക്ഷ്യം പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് നേടേണ്ടതുണ്ട്. വാതിൽപ്പടി സേവനവും അതിദാരിദ്ര്യ അതിജീവനവും കാര്യക്ഷമതയോടെ നടപ്പിലാക്കേണ്ടതുണ്ട്. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പതിനാലാം പഞ്ചവത്സരപദ്ധതി ആദ്യ സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കുക എന്നതാണ് ലക്ഷ്യം.

2023-24 വർഷം പദ്ധതി പ്രവർത്തനങ്ങളിൽ മികച്ച പ്രകടനമാണ് പഞ്ചായത്ത് കാഴ്ചവെച്ചത്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ പദ്ധതി നിർവ്വഹണം സാധ്യമായതും അഭിമാനകരമാണ്.തനത് ഫണ്ടിന്റെ പരിമിതിയാണ് പഞ്ചായത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിന് വിഘാതമായിരിക്കുന്നത്. നികുതിയേതര വരുമാനം ലക്ഷ്യമാക്കിയാണ് പഞ്ചായത്തിലെ പ്രധാന ടൗണായ പെരിയയുടെ അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം വാണിജ്യസമുച്ചയം എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സമസ്ത മേഖലകളെയും പുരോഗതിയിലേക്ക് കൊണ്ടുവരുന്നതിനും സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനും സഹകരണവും പിന്തുണയും അഭ്യർത്ഥിച്ചുകൊണ്ട് കരട് പദ്ധതിരേഖ വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുകയാണ്

ചാലിങ്കാ□ സ്നേഹപൂർവ്വം

07.02.2024 സി.കെ അരവിന്ദാക്ഷൻ

പ്രസിഡന്റ്

പൊതുവിവരങ്ങൾ

വിസ്തീർണ്ണം : 63.25 ച. കി

അതിരുകൾ തെക്ക് : അജാനൂർ, മടിക്കൈ, കോടോം-ബേളൂർ

ഗ്രാമപഞ്ചായത്തുകൾ

വടക്ക് : ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

കിഴക്ക് : കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : അജാനൂർ, പള്ളിക്കര ഗ്രാമ പഞ്ചായത്തുകൾ

റവന്യൂ വി□ജുകൾ : പു□ർ, പെരിയ

താലൂക്ക് : ഹൊസ്ദുർഗ്

ബ്ലോക്ക് : കാഞ്ഞങ്ങാട്

ജി□ : കാസർഗോഡ്

അസംബ്ലി മണ്ഡലം : ഉദുമ

ജനസംഖ്യ : 26814(2011 ലെ സെൻസസ് പ്രകാരം)

പുരുഷൻ : 13044

സ്ത്രീ : 13770

ആകെ വാർഡുകൾ : 17

പ്രസിഡന്റ് : ശ്രീ. സി കെ അരവിന്ദാക്ഷൻ (14- ചാലിങ്കാൽ)- 9496049658

വൈസ് പ്രസിഡന്റ് : ശ്രീമതി. കാർത്ത്യായനി എ (3- കൂടാനം)- 9745560308

സെക്രട്ടറി : പ്രദീപൻ ടി പി (9496049659)

ചെയർമാൻ/ ചെയർപേഴ്സൺ

വികസനം : ശ്രീ. ചന്ദ്രൻ കരിച്ചേരി (9-കൊടവലം)- 9745217193

ക്ഷേമകാര്യം :ശ്രീമതി. ഷഹീദ റാഷിദ്(1- കുണിയ)- 9562414216

ആരോഗ്യം വിദ്യാഭ്യാസം : ശ്രീമതി.സുമ വി വി (15- കായക്കുളം)- 95395291019

അംഗങ്ങൾ :ശ്രീമതി. ലത (2-ആയംപാറ) - 9605787002

: ശ്രീമതി. അംബിക ടി (4- തന്നിത്തോട്)- 9562599152

:ശ്രീ.രതീഷ് ആർ(5-കല്ല്യോട്ട്)- 8086333128

:ശ്രീമതി. രജനി പി (6- ഇരിയ)- 9400793230

:ശ്രീ. എ വി കുഞ്ഞമ്പു (7- കുമ്പള) – 9497042438

: ശ്രീമതി. ഷീബ എ (10- വിഷ്ണുമംഗലം)- 9778319119

: ശ്രീമതി. സബിത സി.കെ (8- അമ്പലത്തറ)- 8547256134

:ശ്രീ. നാരായണൻ എം വി (11- ഹരിപുരം) – 9447864002

: ശ്രീ. ടി. വി. കരിയൻ (12- തട്ടുമ്മൽ) – 9495375859

: ശ്രീമതി. പ്രീതി പി (13- കേളോത്ത്) – 9961755023

: ശ്രീ. രാമകൃഷ്ണൻ നായർ (16- പെരിയ) – 9446650268

: ശ്രീ അശോകൻ ടി വി (17- പെരിയ ബസാർ) - 9747120373

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് : ശ്രീ. കെ മണികണ്ഠൻ (പാക്കം ഡിവിഷൻ) - 9496288490

ബ്ലോക്ക് മെമ്പർമാർ : ശ്രീമതി. സീത കെ (പുല്ലൂർ) - 9526428990

: അഡ്വ.ശ്രീ.എം.കെ ബാബുരാജൻ (പെരിയ)- 9447449506

ജി□ാ പഞ്ചായത്ത് പ്രസിഡന്റ് : ശ്രീമതി. ബേബി ബാലകൃഷ്ണൻ -9447691837

ജി□ാ പഞ്ചായത്ത് മെമ്പർ : കുമാരി. ഫാത്തിനത്ത് ഷംന (9495546339)

എംഎ□എ : ശ്രീ സി.എച്ച് കുഞ്ഞമ്പു (9447489707)

എംപി : ശ്രീ കെ രാജ്മോഹൻ ഉണ്ണിത്താൻ (**9895354085**)

ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങൾ

ക്രമ നമ്പർ	പേര്	ഫോൺ	സ്ഥാനം
1	സി കെ അരവിന്ദാക്ഷൻ പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്	9447441389	ചെയർമാൻ
2	സെക്രട്ടറി, പുല്ലൂർ-പെരിയ	9496049659	കൺവീനർ
3	ടി രാമകൃഷ്ണൻ, ചിത്ര നിവാസ്, പെരിയ	9495770950	ഔദ്യോഗിക അംഗം
4	പദ്ധതി സെക്ഷൻ ക്ലർക്ക്	7025129103	അസിസ്റ്റന്റ് പ്ലാൻ കോർഡിനേറ്റർ
5	കാർത്ത്യായനി എ, വൈസ് പ്രസിഡണ്ട്	9745560308	അംഗം
6	ചന്ദ്രൻ കരിച്ചേരി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	9745217193	അംഗം
7	ഷഹീദ റാഷിദ്, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ	9562414216	അംഗം
8	സുമ വി വി, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ	9539529019	അംഗം
9	കെ വി ഗോപാലൻ ,ഗോകുലം , ഇരിയ,,	9847171182	അംഗം
10	ഷറഫുദ്ദീൻ കെ എ, കാനത്തിൽ ഹൌസ്, കുണിയ, പെരിയ	9447374233	അംഗം
11	സുരേഷ്,ടി വി, പൊള്ളക്കട ഹൌസ്, ഹരിപുരം	9846241149	അംഗം
12	കുഞ്ഞിരാമൻ നായർ, കാവുങ്കാൽ, പെരിയ	9895669767	അംഗം
13	ഉണ്ണികൃഷ്ണൻ സി പി, എടമുണ്ട	9446426283	അംഗം
14	നാരായണൻ മാസ്റ്റർ, രസ്ന മാക്കരംകോട്ട്, ഹരിപുരം	9847343292	അംഗം

നിർവ്വഹണോദ്യോഗസ്ഥർ

ക്രമ നമ്പർ	പേര്	തസ്തിക	ഫോൺ
1	പ്രദീപൻ ടി പി	സെക്രട്ടറി	9496049659
2	ഡോ.സുനിത പി എൻ	മെഡിക്കൽ ഓഫീസർ , സി.എച്ച്.സി പെരിയ	9847162604
3	ഡോ ദിവ്യ	മെഡിക്കൽ ഓഫീസർ, ആയുർവേദം ,അമ്പലത്തറ	9495389601
4	ഡോ. രാജേഷ് കെ പി	ചിഫ് മെഡിക്ക□ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, അജാന്തർ	9447549361
5	ഡോ.വിക്രം കൃഷ്ണൻ	വെറ്ററിനറി സർജൻ, പെരിയ	9497303255
6	അരവിന്ദൻ കൊട്ടാരത്തിൽ	കൃഷി ഓഫീസർ	9400550965
7	സുദേവൻ കെ	അസിസ്റ്റന്റ് സെക്രട്ടറി	9400373691
8	മനോജ് പി പി	ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് പു□ർ	8075265477
9	ഉഷ പി	വി□ജ് എക്സ്റ്റൻഷൻ ഓഫീസർ	9744995575
10	ജിജേഷ് വി ശശീന്ദ്രൻ	വി□ജ് എക്സ്റ്റൻഷൻ ഓഫീസർ	9809900091
11	രമ്യ ടി വി	അസിസ്റ്റന്റ് എഞ്ചിനീയർ, എ□.എസ്.ജി.ഡി	9495791637
12	അസ്റ നസ്റീൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	9847933938
13	രജിമ പി വി	ഡയറി ഫാം ഇൻസ്ട്രക്ടർ	8943015955
14	ടെസ്സി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	9605937150

പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പിൻറെ പേര്	വർക്കിംഗ് ഗ്രൂപ്പ് കൺവീനർ	വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ
1	പൊതുഭരണവും ധനകാര്യവും(കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഈ-ഗവേണൻസ്, തനത് വരുമാനവർദ്ധനവ്, വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, സേവനപ്രദാനം മെച്ചപ്പെടുത്തൽ, സദ്ഭരണം, വാതിൽപ്പടി സേവനം മുതലായവ)	, സെക്രട്ടറി, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്	പ്രീതി പി, മെമ്പർ , പുല്ലൂർ - പെരിയ ഗ്രാമ പഞ്ചായത്ത്
2	കൃഷി(ഉൽപ്പന്നവും സംസ്കരണവും വിപണനവും ഉൾപ്പടെ),മത്സ്യബന്ധനം,തൊഴിലുറപ്പ് പദ്ധതി,മണ്ണ് ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം മുതലായവ	, കൃഷി ഓഫീസർ	എം വി നാരായണൻ, മെമ്പർ, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്
3	മൃഗ സംരക്ഷണവും ക്ഷീരവികസനവും	വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി , പെരിയ	രജനി പി, മെമ്പർ, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്
4	പ്രദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം ,സൂക്ഷ്മ സംഭരവങ്ങൾഉൾപ്പടെ സഹകരണം മുതലായവ.)	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , പുല്ലൂർ സർക്കിൾ	രതീഷ് ആർ മെമ്പർ , പുല്ലൂർ -പെരിയ ഗ്രാമ പഞ്ചായത്ത്
5	ദാരിദ്ര്യ ലഘൂകരണം(പാർപ്പിടം ഉൾപ്പടെ)	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , പുല്ലൂർ സർക്കിൾ	അംബിക ടി, മെമ്പർ, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്
6	സാമൂഹിക നീതി(ഭിന്നശേഷിയുള്ളവർ,വൃദ്ധർ,കുട്ടികൾ,ഭിന്ന ലിംഗ വിഭാഗം മുതലായവ)	,ഐ.സി.ഡി.എസ് സൂപ്പർവൈസർ, പുല്ലൂർ-പെരിയ	ഷീബ, മെമ്പർ, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്,
7	ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും	,ഐ.സി.ഡി.എസ് സൂപ്പർവൈസർ, പുല്ലൂർ-പെരിയ	ഷഹീദ റാഷിദ്, ചെയർപേഴ്സൺ, ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി , പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്

8	പട്ടിക ജാതി വികസനം	അസ്സി. സെക്രട്ടറി, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്	സി. കെ അരവിന്ദാക്ഷൻ, പ്രസിഡൻറ്, പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത്

9	പട്ടിക വർഗ്ഗ വികസനം	അസി സെക്രട്ടറി, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്	രതീഷ് ആർ മെമ്പർ , പുല്ലൂർ -പെരിയ ഗ്രാമ പഞ്ചായത്ത്
10	ആരോഗ്യം	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പെരിയ	ടി വി കരിയൻ, 12-ാം വാർഡ് മെമ്പർ, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്
11	കുടിവെള്ളംശുചിത്വം മുതലായവ	അസിസ്റ്റന്റ് എഞ്ചിനീയർ, എൽഎസ്ജിഡി സെക്ഷൻ, പുല്ലൂർ-പെരിയ	എ വി കുഞ്ഞമ്പു, മെമ്പർ, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്
12	വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജന കാര്യം	ഹെഡ് മാസ്റ്റർ, ജിയുപിഎസ്, പുല്ലൂർ	ടി രാമകൃഷ്ണൻ നായർ, മെമ്പർ , പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്
13	പൊതുമരാമത്ത്(വൈദ്യുതിയും ഊർജ്ജവുമുൾപ്പെടെ)	അസിസ്റ്റന്റ് എഞ്ചിനീയർ, എൽഎസ്ജിഡി സെക്ഷൻ, പുല്ലൂർ-പെരിയ	ചന്ദ്രൻ കരിച്ചേരി,ചെയർമാൻ, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്
14	ജൈവവൈവിദ്ധ്യ മാനേജ്മെൻറ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം	സെക്രട്ടറി, പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്ത്	സി. കെ അരവിന്ദാക്ഷൻ, പ്രസിഡൻറ്, പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത്

അദ്ധ്യായം 1

പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്തിന്റെ വികസന സ്ഥിതി അവസ്ഥ

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ കാഞ്ഞങ്ങാട് ബ്ളോക്കിൽ പുല്ലൂർ, പെരിയ വില്ലേജുകൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്താണ് പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത്. 63.25 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ അതിരുകൾ വടക്ക് ബേഡഡുക്ക, പള്ളിക്കര പഞ്ചായത്തുകളും, തെക്ക് അജാനൂർ, മടിക്കൈ പഞ്ചായത്തുകളും, കിഴക്ക് കോടോം ബേളൂർ, മടിക്കൈ പഞ്ചായത്തുകളും, പടിഞ്ഞാറ് അജാനൂർ, പള്ളിക്കര പഞ്ചായത്തുകളുമാണ്. പുല്ലൂർ, പെരിയ വില്ലേജുകൾ 1962-ൽ സംയോജിപ്പിച്ചാണ് ഇന്നത്തെ പുല്ലൂർ പെരിയ പഞ്ചായത്തിന് രൂപം നൽകിയത്. മുൻ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ തെക്കൻ കർണ്ണാടക ജില്ലയിലെ കാസർഗോഡ് താലൂക്കിൽ ഉൾപ്പെട്ടിരുന്ന ഇന്നത്തെ ഹോസ്ദുർഗ് താലൂക്കിന്റെ വടക്കുഭാഗത്താണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. മലയോരമോ കടലോരമോ ഇല്ലാത്ത ഇടനാടാണ് പഞ്ചായത്ത്. ബ്രാഹ്മണരുടെ ആവാസസ്ഥാനമായതു കൊണ്ട് തന്നെ ക്ഷേത്രങ്ങളുടേയും നാടാണ് പുല്ലൂർ. വളരെ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ സ്ഥാപിക്കപ്പെട്ട ക്ഷേത്രങ്ങളാണ് വിഷ്ണുമംഗലം, ഇരിവിൽ, ആയമ്പാറ കുടാനം, മീങ്ങോത്ത്, കൊടവലം, കേളോത്ത്, മാക്കരം കോട്, പുല്ലൂർ എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നത്. ഇവയിൽ വിഷ്ണുമംഗലവും ഇരിവിൽ ക്ഷേത്രവും ഏറ്റവും പഴക്കമുള്ളവയാണെന്ന് പറയപ്പെടുന്നു. ക്ഷേത്രങ്ങളിൽ ഭൂരിഭാഗവും വിഷ്ണുക്ഷേത്രങ്ങളാണ്. ക്ഷേത്രങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് കഥകളി, കോൽക്കളി, പൂരക്കളി, അക്ഷരശ്ലോകം ചൊല്ലൽ തുടങ്ങിയ കലാപരിപാടികളും സദ്യയും സർവ്വാണി സമ്പ്രദായവും അന്നും ഇന്നും നിലവിലുണ്ട്. തെയ്യങ്ങളെ കുടിയിരുത്തി പള്ളിയറകളിലും സ്ഥാനങ്ങളിലും സമുദായാംഗങ്ങളെല്ലാം സഹകരിച്ച് ആണ്ടുതോറും നടത്തിവരുന്ന തെയ്യം കെട്ട് മഹോത്സവങ്ങൾ ആർഭാടപൂർവ്വം നടന്നുവരുന്നു

സമസ്ത മേഖലകളിലും സുസ്ഥിരവികസനം ലക്ഷ്യമാക്കിയാണ് പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ആവശ്യമായ വരുമാനദായിക പദ്ധതികളും പ്രധാന ലക്ഷ്യങ്ങളാണ്. പട്ടികജാതി, പട്ടികവർഗ്ഗ മേഖലയുടെ ഭൗതികവും സുസ്ഥിരവുമായ വികസനം വനിതാ ശിശു വയോജന മേഖലകളുടെ ഭൗതിക ഭൗതികവും സ്ഥായിവുമായ സമഗ്ര പുരോഗതി, ഈ പഞ്ചവത്സര പദ്ധതി കാലത്തെ കൈവരിക്കേണ്ട ലക്ഷ്യങ്ങളാണ്. സ്ത്രീശാക്തീകരണത്തിനും സംരംഭകത്വത്തിനും പ്രാധാന്യം നൽകി ലിംഗ നീതി ഉറപ്പവരുത്താനുള്ള ക്ഷേമപരിപാടികളും പദ്ധതിയുടെ ഭാഗമാണ്. വിദ്യാഭ്യാസരംഗത്ത് സ്മാർട്ട് ക്ലാസ് മുറികളും സ്മാർട്ട് അംഗൻവാടികളും സമ്പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ട്. കാർഷിക രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ ഉള്ള പദ്ധതികളുടെ സ്വാശ്രയ ഗ്രാമങ്ങൾ എന്ന ലക്ഷ്യം പൂർത്തീകരിക്കണം. വികസനവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജനസൗഹൃദ ഓഫീസ് യാത്ര യാഥാർത്ഥ്യമാക്കുന്നതിനും എല്ലാ ആധുനിക സങ്കേതങ്ങളും കാര്യക്ഷമമായി ഉപയോഗിക്കുന്ന സംവിധാനമായി പഞ്ചായത്ത് കാര്യാലയത്തെ മാറ്റം. പരിസ്ഥിതി ജൈവവൈവിധ്യം മേഖലകളിൽ നൂതനമായ പദ്ധതി ആവിഷ്കരിച്ച് പാരിസ്ഥിതിക വിഷയങ്ങളിൽ ഇടപെടേണ്ടതുണ്ട് ഉൾനാടൻ റോഡുകൾ പൂർണമായും ഗതാഗതയോഗ്യമാക്കി യാത്രാദുരിതം പൂർണമായി പരിഹരിക്കാൻ ഈ പദ്ധതി കാലത്ത് സാധിക്കുന്നതാണ്

<u>പൊതുഭരണവും ധനകാര്യവും</u>

ഗ്രാമ പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപന ഓഫീസുകളിലും രേഖകൾ കൃത്യമായും ശാസ്ത്രീയമായും തയ്യാറാക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്ത് ഓഫീസിൽ ഇപ്പോൾ കണക്കുകളും പൂർണമായും കമ്പ്യൂട്ടർവൽകൃതമാണ്. 2011 ഡിസംബർ മുതൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾഎൻട്രി സാംഖ്യ അക്കൌണ്ടിംഗ് ഫോർമാറ്റിലേക്ക് മാറിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രികകൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുവാൻ സാധിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. സേവനവിവര ബോർഡ്, ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഹാജർ വിവരങ്ങൾ, ഗ്രാമസഭ വിവരങ്ങൾ, ഇതര നിയമാനുസൃത അറിയിപ്പ ബോർഡുകൾ എന്നിവ തയ്യാറാക്കി സ്ഥാപിച്ചിട്ടുണ്ട്.സമയബന്ധിതമായി സേവനം ലഭ്യമാക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും പലകാരണങ്ങളാൽ ഇതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. ഇവ പരിഹരിക്കപ്പെടേണ്ടതാണ്. 01-04-1970 മുതലുള്ള മുഴുവൻ ജനന- മരണ രജിസ്ട്രേഷനുകളും 2008 മുതലുള്ള വിവാഹ രജിസ്ട്രേഷനുകളും കമ്പ്യൂട്ടർവത്ക്കരിക്കുകയും സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കുകയും ചെയ്യുന്നുണ്ട്. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കമ്പ്യൂട്ടർവത്ക്കരണം നികുതി അടവ്, ഉടമസ്ഥാവകാശ സാക്ഷ്യപത്രം എന്നിവ പൂർണ്ണമായി ഓൺലൈൻ വഴിയാണ്. എല്ലാ ഘടക സ്ഥാപന ഓഫീസുകളിലും കമ്പ്യൂട്ടറുകളും ഇൻറർനെറ്റ് സൌകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് നിയമാനുസൃതം പ്രസിദ്ധീകരിക്കുകയും കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യേണ്ട ഒന്നാണ് പൌരാവകാശ രേഖ. അവസാനമായി 2021 ആഗസ്റ്റ് മാസത്തിൽ പൌരാവകാശ രേഖപ്രസിദ്ധീകരിച്ചിട്ടുണ്ട്. സേവനപ്രദാനവും ശാസ്ത്രീയവും സമയബന്ധിതവും ആക്കുകയും, രേഖകളുടെ സൂക്ഷിപ്പ് ആവശ്യമായ തരം തിരിവുകളോടും, ലേബലുകളോടും കൂടി ചെയ്യുന്നതിനും മുൻവർഷങ്ങളിൽ ശ്രമം നടത്തിയതിൻറെ ഭാഗമായി ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ 9001:2015ലഭിച്ചു.

കൃഷി

വലിയൊരു കാർഷിക സംസ്കാരം നിലനിന്നൊരു നാടാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം .ജൈവ കൃഷിയാണ് ജനങ്ങളുടെ പ്രധാന ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളത്.ഭൂവിസ്തൃതിയിൽ മുന്നിൽ രണ്ട് ഭാഗവും കാർഷിക യോഗ്യമായ ഭൂമിയാണ്.ഇതിൽ 180 ഹെക്ടർ നെൽ കൃഷിചെയ്യാൻ കഴിയുന്ന ഭൂമിയാണ്.എങ്കിലും നല്ലൊരു ഭാഗം സ്ഥലം വിവിധ കാരണങ്ങളാൽ തരിശായി കിടക്കുന്നവയാണ്.ഉണ നിലവാരമുള്ള മണ്ണിൻറെയും നടീൽ വസ്തുക്കളുടേയും അഭാവം ജലസേചനത്തിനുള്ള അസൌകര്യങ്ങൾ കാലവർഷക്കാലത്തുപോലും കുറഞ്ഞു വരുന്ന മഴ,തൊഴിലാളികളുടെ ലഭ്യത കുറവ് ,കാർഷിക യന്ത്രങ്ങൾ യഥാസമയത്ത് കർഷകർക്ക് ലഭിക്കായ്ക,വർദ്ധിച്ചു വരുന്ന ഉല്പാദന ചെലവ് എന്നീ കാരണങ്ങൾ നെൽകൃഷിയിൽ നിന്നും കർഷകർ പിൻമാറാനുള്ള കാരണങ്ങളാണ്.മുൻ കാലങ്ങളിൽ മഴയെ ആശ്രയിച്ചുള്ള കര നെൽകൃഷി പഞ്ചായത്തിനകത്ത് വ്യാപകമായി ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ തീരെ ഇല്ലെന്ന് പറയാം.തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും നെൽകൃഷി മേഖലയിൽ ഉൾപ്പെടുത്തിയാൽ ജനങ്ങൾ താൽപര്യത്തോടെ മുന്നോട്ട് വരാൻ സാധ്യതയുണ്ട്.തെങ്ങ്,കവുങ്ങ് ,പലതരം പച്ചക്കറികൾ ,റബ്ബർ,കുരുമുളക് ,കശുമാവ് ,പുകയില എന്നിവയാണ് പഞ്ചായത്ത് പ്രദേശത്തുള്ള മറ്റ് കൃഷികൾ.കല്ല്യോട്ട്,കുണിയ എന്നീ സ്ഥലങ്ങളിൽ പുകയില കൃഷി പ്രസിദ്ധമായിരുന്നു.ഇന്ന് പുകയില ആരും തന്നെ കൃഷിചെയ്യുന്നില്ല.ശ്രുക്ഷമായി കൊണ്ടിരിക്കുന്ന ജലക്ഷാമം ,തെങ്ങ്,കവുങ്ങ് എന്നീ തോട്ടവിളകളുടെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.കാർഷികോൽപന്നങ്ങൾ ക്ക് ന്യായമായ വില ലഭിക്കാത്തതും ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള സംഭരണ കേന്ദ്രങ്ങളുടെ അഭാവവും കൃഷിയിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കാനുള്ള ഘടകങ്ങളാണ്.

ഹരിതകേരളം

കാർഷിക പ്രധാനമായ ഒരു പഞ്ചായത്താണ് പുല്ലൂർ-പെരിയ .ഭൂരിപക്ഷം ജനങ്ങളുടെ തൊഴിലും ഉപജീവന മാർഗ്ഗവും കാർഷികവൃത്തിയാണ്.അതുകൊണ്ട് പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ കാർഷികമേഖല യ്ക്ക് മുന്തിയ പരിഗണനയാണ് നൽകുന്നത്.

ചതൽപ്പറ്റോടെ കൂടിയ ചെമ്മണ്ണ് നിറഞ്ഞ പ്രദേശങ്ങളാണധികവും .ഇവടങ്ങളിലെ പ്രധാനകൃഷി തെങ്ങ്,കവുങ്ങ്,വിവിധയിനം പച്ചക്കറികൾ,കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ്.

തെങ്ങ്

ഒരോ വർഷവും ശരാശരി 60000തെങ്ങിന്ജൈവവളം ,കുമ്മായം,എന്നിവ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഭരണ സമിതി ഏറ്റെടുത്തിട്ടുണ്ട്.ഇതിന് കർഷകർക്ക് 75 % സബ്സിഡിയാണ് നൽകുന്നത്.ഇവ യഥാസമയം വിതരണം ചെയ്യാൻ കൃഷി ഓഫീസറും ഉപയോഗപ്പെടുത്തുവാൻ കൃഷിക്കാരും മുമ്പോട്ട് വന്നിട്ടുണ്ട്.

തെങ്ങ് കർഷകർക്ക് ജലസേചന സൌകര്യം ഏർപ്പെടുത്തുന്നതിന് മോട്ടോർ പമ്പുകൾ വിതരണം ചെയ്യ.0.50 ഏക്കർ സ്ഥലത്ത് കൂടുതൽ സ്ഥലത്ത് തെങ്ങുള്ള കൃഷിക്കാരാണ് ഇതിനുള്ള അർഹത.

കവുങ്ങ്കൃഷി പരിപാലനം

മറ്റൊരു വിളയാണ് കവുങ്ങ്.മഴക്കാലത്ത് കവുങ്ങിനെ ബാധിക്കുന്ന മഹാളിരോഗത്തെ പ്രധിരോധത്തിന് തുരിശ്,ചുണ്ണാമ്പ് എന്നിവ കവുങ്ങ് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.ഇതിനും സബ്സിഡി നൽകിയിരുന്നു.കൂടാതെ കവുങ്ങ് കൃഷിക്കാർക്ക് ജൈവവളം ,കുമ്മായം എന്നിവയും നൽകി.2015-16വർഷത്തിൽ 25ഹെക്ടർ ,2016-17ൽ 3400 കവുങ്ങിന്,2017-18 ൽ 30,00 കവുങ്ങിന് ,2018-19 ൽ 14000 കവുങ്ങ് എന്നിങ്ങനെയാണ് വിതരണം നടന്നത്.നടപ്പ് വർഷത്തിൽ 25000 കവുങ്ങ്കൾക്കു ജൈവവളവും കുമ്മായവും രാസവളവും വിതരണം ചെയ്യുക വഴി ഉല്പാദനവർദ്ധനവ് പ്രധീക്ഷിക്കുന്നു.

ഹരിതമിത്ര- പച്ചക്കറികൃഷിക്ക് കൂലിച്ചെലവ്

പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തരാകുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കി പ്രോജക്ടാണിത്.പച്ചക്കറിക്കി കൂലിചെലവ് നൽകുകയാണ് ഇത്.വ്യക്തികളായും ഗ്രൂപ്പുകളായും കൃഷി ചെയ്യുന്നവർക്ക് കൃഷി ഭവൻ വഴി ആനുകൂല്യങ്ങൾ നൽകുന്നു.

കതിര്-നെൽകൃഷിക്ക് കൂലിചെലവ്

പാടശേഖര സമിതികളുടെ നേതൃത്വത്തിൽ വളരെ പ്രാധാന്യത്തോടെയാണ് നെൽകൃഷി ചെയ്യുന്നത് .ഭക്ഷ്യ സ്വയം പരിയാപ്തത എന്ന സംസ്ഥാന സർക്കാറിന്റെ ലക്ഷ്യം മുൻ നിർത്തിയുള്ള പ്രവർത്തനത്തിന്റെ ഭാഗം കൂടിയാണിത്.പഞ്ചായത്തിൽ 15 പാടശേഖര കമ്മിറ്റികളാണ് പ്രവർത്തിക്കുന്നത്.ഓരോ വർഷവും കൃഷിയിറക്കുന്നതിന് ആവശ്യമായ നെൽ വിത്ത് പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്.

ഹരിതസമൃദ്ധി- അടുക്കള മുറ്റത്തെ പച്ചക്കറി തോട്ടം

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ഗ്രോ ബാഗുകൾ വിതരണം ചെയ്യുത് എല്ലാ വീടുകളിലും പച്ചക്കറി വിത്തും തൈകളുമെത്തിച്ച് ഓരോ വീടുകളിലും ആവശ്യമായ പച്ചക്കറി ഉൽപാദിപ്പിക്കുക എന്നതാണുക്ഷ്യം.

കാസർഗോഡ് ജില്ലയിലാ ഫിഷറീസ് ഡെപ്യുട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഫാർമേഴ്സ് ഡവലപ്മെൻറ് ഏജൻസി മുഖേന പുല്ലൂർ പെരിയ പഞ്ചായത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി 1996 ന് ശേഷം മത്സ്യകേരളം ,മത്സ്യസമൃതി ,ജനകീയ മത്സ്യകൃഷി ,സുഭിഷ കേരളം എന്നി പദ്ധതികൾ മുഖേന പഞ്ചായത്തിനകത്ത് അർഹരായ കർഷകരുടെ അപേക്ഷ ക്ഷണിച്ച് അവർക്ക് ആവശ്യമായ പരിശീലനവും നൽകുകയും ഇതിൻറെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് തലത്തിൽ ഒരു അക്വാകൾച്ചർ പ്രോമോട്ടറിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.ഈ പ്രോമോട്ടർ കർഷകർക്ക് യഥാസമയം ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരുന്നു.

സുഭിഷകേരളം പദ്ധതി വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി

പുല്ലൂർ പെരിയ പഞ്ചായത്തിൽ അഞ്ച് കർഷകരാണ് സുഭിഷ കേരളം വീട്ടുവളപ്പിൽ കുളങ്ങളിലെ മത്സ്യകൃഷി ചെയ്യാൻ 2021–22 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടത് .1,23000 രൂപയാണ് പദ്ധതി ചെലവ് ,40% സബ്സിഡി കർഷകർക്ക് ലഭിക്കുന്നു.ഇതിൽ 32800 രൂപ പഞ്ചായത്തും 16400 രൂപ ഫിഷറീസ് വകുപ്പുമാണ് ഫണ്ട് അനുവദിച്ചത് .കർഷകർക്ക് മൂന്ന് തവണ തുടർച്ചയായി മത്സ്യവിത്ത് നൽകുന്നതാണ്.ആസ്സാംവാളയാണ് ഈ പദ്ധതി പ്രകാരം കൃഷിചെയ്യുന്ന മത്സ്യയിനം.

എക്സ്റ്റൻസീവ് കാർപ്പ്(ശുദ്ധജല മത്സ്യകൃഷി)

ഒരു സെൻറ് മുതൽ ഉള്ള കുളങ്ങൾക്ക് സൌജന്യമായി കാർപ്പ് മത്സ്യവിത്ത് നൽകുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി പദ്ധതിയിലെ എക്സ്റ്റൻസീവ് കാർപ്പ് കൃഷി.2021–22 വർഷം ഈ പദ്ധതിയിൽ 24 കർഷകരാണ് ഉള്ളത്.

PMMSY ബയോഫ്ളോക്ക്

2020–21ൽ പുല്ലൂർ പെരിയ പഞ്ചായത്തിൽ ഒരു കർഷകനാണ് ബയോഫ്ളോക്ക് മത്സ്യകൃഷി ചെയ്തിട്ടുള്ളത് .40 % സബ്സിഡിയാണ് കർഷകർക്ക് ലഭിക്കുന്നത് .7 ടാങ്കുകളാണ് മത്സ്യകൃഷി നടത്തുന്നത്.തിലാപ്പിയയാണ് അനുയോജ്യമായ മത്സ്യം .ഇതിലൂടെ തിലാപ്പിയ മത്സ്യത്തിൻറെ ഉൽപാദനം വൻതോതിൽ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി

പത്ത് സെൻറ് മുതൽ ഉള്ള കുളങ്ങൾക്ക് സബ്സിഡിയോടു കൂടി മത്സ്യവിത്ത് നൽകുന്ന പദ്ധതിയാണ് ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി . 2021–21 വർഷത്തിൽ ഒരു കർഷകനാണ് ഈ പ്രകാരം മത്സ്യകൃഷി ചെയ്തത്.2021–22 ൽ നാല് കർഷകരാണ് ഈ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

<u>മൃഗസംരക്ഷണം</u>

പഴയകാലത്ത് ഒരു കറവ പശു,കോഴികൾ എന്നിവ ഇല്ലാത്ത വീടുകൾ ഉണ്ടായിരുന്നില്ല എന്നു പറയാം, ബാക്കി വന്ന ഭക്ഷണാവശിഷ്ടങ്ങൾ വളർത്തു മൃഗങ്ങൾക്കും വളർത്തു പക്ഷികൾക്കും നൽകിയിരുന്നു.ഇതിനാൽ പരിസര ശുചിത്വം അന്ന് വിഷയമേ ആയിരുന്നില്ല.ജൈവ വളമായിരുന്നു അന്ന്.ഇന്ന് സ്ഥിതിമാറിയിരിക്കുകയാണ്.കന്നുകാലികളെ വളർക്കാനുള്ള പ്രയാസം ,കൃഷി തരിശായിരിക്കുന്നതിനാൽ തീറ്റ പുല്ലിന്റെ അഭാവം ,മേച്ചിൽപുറങ്ങളുടെ അഭാവം ,പരിമിതമായ വീട്പറമ്പുകൾ എന്നിവ മൂലം പലരും ഇന്ന് കന്നുകാലികളെ വളർത്താൻ തയ്യാറാകുന്നില്ല.നെൽ കൃഷിക്ക് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനാൽ ഉഴവുകാളകളുടെ ആവശ്യം വരുന്നില്ല.

പശു വളർത്തലായി തൊഴിൽ സ്വീകരിച്ച ജനങ്ങൾ പാൽ സംഭരണത്തിനുള്ള സൌകര്യങ്ങൾ വേണ്ടത്രയില്ലെന്ന് പറയാൻ കഴിയും.പുല്ലൂർ,പെരിയ,പന്നിക്കുന്ന്,മുത്തനടുക്കം ,കാഞ്ഞിരടുക്കം എന്നിങ്ങനെ അഞ്ച് ക്ഷീര സംഘങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്.കുമ്പള,കൊടവലം,ഇരിയ എന്നീ സ്ഥലങ്ങിൽ കൂടി ഉണ്ടാകുന്നത് കൃഷിക്കാരെ സംബന്ധിച്ച് സൌകര്യപ്രദമായിരുന്നു.കൂടുതൽ പാലുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.,സൊസേറ്റികളിൽ പാൽ കേടുകൂടാതെ സൂക്ഷിക്കാനാവശ്യമായ സൌകര്യങ്ങൾ ഒരുക്കണം.തൊഴുത്ത്

നിർമ്മാണത്തിനും കോഴി വളർത്തലിനും ഉള്ള ഫാമുകൾ നിർമ്മിക്കാനും ധനസഹായം ലഭ്യമാക്കണം.ജലസേചനം സൌകര്യം വർദ്ധപ്പിച്ച് പുൽകൃഷി വിപുലമാക്കാനുള്ള സൌകര്യമൊരുക്കണം.ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കണം.കോഴിത്തീറ്റ,കൂട്,മുട്ടക്കോഴികൾ എന്നിവ ആവശ്യമുള്ള എല്ലാ കുടുംബങ്ങൾക്കും നൽകാൻ കഴിയണം.കർഷകർക്ക് കറവയന്ത്രം ,റബ്ബർ ഷീറ്റ് എന്നിവ നൽകണം.കൂടുതൽ ഐ.സി.ഡി.പി സബ് സെന്ററുകൾ ആരംഭിക്കണം.തുടങ്ങിയ മേഖലകളിൽ വരുന്ന വർഷങ്ങളിൽ നേട്ടങ്ങൾ

കൈവരിക്കാൻ കഴിയണം. അലഞ്ഞുതിരിയുന്ന നായ്ക്കളിൽ പേവിഷബാധനയുണ്ടാവാൻ കൂടുതൽ സാദ്ധ്യതയുണ്ട് അതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരക്കണം.

പ്രാദേശിക സാമ്പത്തിക വികസനം

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് അറിയപ്പെടുന്ന വ്യവസായ സംരംഭങ്ങളോന്നും തന്നെയില്ല.സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചെറു സംരംഭങ്ങളുണ്ടെങ്കിലും പൊതുമേഖല കളിൽ ഒന്നും തന്നെയില്ല.പുല്ലൂരിലും പെരിയയിലും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ദിനേശ് ബീഡി സ്ഥാപനം മാത്രമാണ് പൊതുവിലുള്ള സ്ഥാപനം.പരമ്പാരഗതമായ കല്ല് വെട്ട് മേഖല ഇന്ന് യന്ത്രവൽകൃതമായിട്ടുണ്ട്.നമ്മുടെ പഞ്ചായത്തിൽ കായക്കുളത്തുണ്ടായിരുന്ന പരമ്പരാഗത കുടിൽ വ്യവസായമായിരുന്ന മൺ-പാത്ര നിർമ്മാണം.ആധുനിക വൽക്കരണം മൂലം മൺപാത്രങ്ങളുപേക്ഷിച്ച് ലോഹപാത്രങ്ങളിലേക്ക് നീങ്ങിയതും കളിമണ്ണ്,വിറക്, വെള്ളം എന്നിവയ്ക്ക് ക്ഷാമം നേരിടുന്നതിനാലും ഈ കുടിൽ വ്യവസായം നാമാവശേഷമായി.

360 അയൽക്കൂട്ടങ്ങൾ ഇന്ന് കുടുംബശ്രീയുടെ ബാഗമായി പ്രവർത്തിക്കുന്നു.ഒരു യൂണിറ്റ് ബഡ്സ് സ്കൂളിന്റെ ഭാഗമായും പ്രവർത്തിക്കുന്നു.തൊഴിൽ ഗ്രൂപ്പുകൾ ആകെ 10 എണ്ണം മാത്രമേയുള്ളു.ഇത് വ്യക്തമാക്കുന്നത് ചെറുകിട,മൈക്രോ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിൽ വേണ്ടത്ര ഗൌരവം ഉണ്ടായില്ല എന്നാണ്.വെള്ളിക്കോത്ത് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള തൊഴൽ പരിശീലന കേന്ദ്രങ്ങൾ രംഗത്തുണ്ടെങ്കിലും അതിനെ വേണ്ടവിധം പ്രയോജനപ്പെടുത്തി മുന്നേറാൻ നമ്മുക്ക് കഴിഞ്ഞില്ലെന്നാണ്.

കുടുംബശ്രീ സംവിധാനത്തോളം വരില്ലെങ്കിലും പുരുഷ സ്വയംസഹായ സംഘങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്തുണ്ട് .പൊതുവിഭാഗത്തിൽ 29,എസ്.ടി വിഭാഗത്തിൽ ആറും ആകെ ചേർന്ന് 35 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.ഇവയെ ഫലപ്രദമായി കാർഷിക മേഖലയിലും ചെറുകിട തൊഴിൽ രംഗത്തും ഉപയോഗപ്പെടുത്തണം.

വികസിതമായൊരു സഹകരണ മേഖല നമുക്കുണ്ട്.പുല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ഹെഡ് ഓഫീസിനു പുറമേ രണ്ട് ബ്രാഞ്ചുകളും ,പെരിയ സർവ്വീസ് സഹകരണ ബാങ്ക് ഹെഡ് ഓഫീസിനു പുറമേ ഒരു പ്രഭാത ശാഖ ഉൾപ്പെടെ മൂന്ന് ശാഖകളും പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്നു.കൂടാതെ പുല്ലൂർ-പെരിയ പഞ്ചായത്ത്,അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസേറ്റി ,പുല്ലൂർ-പെരിയ വനിതാ സൊസേറ്റി,പെരിയ ബസാർ ,ചാലിങ്കാൽ വനിത സഹകരണ സംഘം,ഹോസ്ദുർഗ്ഗ് മോട്ടോർ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസേറ്റി,കാസർഗോട് ജില്ലാ സഹകരണ ബാങ്കിന്റെ പെരിയ ശാഖ എന്നിവ ഇവിടെ പ്രവർത്തിക്കുന്നു.കർഷകരേയും വ്യത്യസ്ത ജനവിഭാഗങ്ങളേയും സഹായിക്കുന്ന കാര്യത്തിൽ വലിയ മാറ്റങ്ങളാണ് ഈ സ്ഥാപനങ്ങൾ നടത്തുന്നത്.വ്യക്തികൾ,തൊഴിൽ എന്ന നിലയിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന 442 സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു.

പട്ടികവർഗ്ഗ വികസനം

1996 ലെ അവസ്ഥ അനുസരിച്ച് ഭൂമി ശാസ്ത്രപരമായി വാസയൊഗ്യമല്ലാത്ത മൊട്ടകുന്നുകളും കരിമ്പാറ പ്രദേശങ്ങളും നിറഞ്ഞ പ്രദേശമായിരുന്നു പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത്.ധാരാളം സർക്കാർ ഭൂമിയും ഇവിടെ ലഭ്യമാണ്.19 ഊരുകൂട്ടങ്ങളിലായി ഒരുപാട് പട്ടിക വർഗ കുടുംബങ്ങളും ഇവിടെ വസിക്കുന്നുണ്ട്.കെട്ടിട നിർമ്മാണത്തിന് സാധന സാമഗ്രികൾ എത്തിക്കുന്നതിന് 25 വർഷം മുൻപ് സൌകര്യം ഉണ്ടായിരുന്നില്ല.ഇന്ന് എല്ലാ ഊരുകൂട്ടങ്ങളിലേക്കും റോഡ് എത്തുന്നത് കൊണ്ട് റോഡ് എത്തുന്നത് കൊണ്ട് ഭവന നിർമ്മാണ പ്രവർത്തികളും ഭവന പുനരുദ്ധാരണ പ്രവർത്തികളും പൂർത്തികരിക്കാൻ സാധിച്ചിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണം

ജനകീയാസൂത്രണം തുടങ്ങിയ കാലഘട്ടം മുതൽ ഐ.എ.വൈ,ഇ എം എസ് ഭവന പദ്ധതി ,പട്ടിക ജാതി വിഭാഗങ്ങൾക്ക് വീട് ,പട്ടിക വർഗ വിഭാഗങ്ങൾക്ക് വീട്,ഭവന നിർമ്മാണം അഗതി ആശ്രയ ,ഭവന നിർമ്മാണം ,വനിത തുടങ്ങി ഒട്ടേറെ പദ്ധതികളിലൂടെ വീട് നിർമ്മിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.എന്നിട്ടും വീടില്ലാത്തവരുടെ പ്രശ്നം ഇതുവരെയായി പരിഹരിച്ചിട്ടല്ല.ജനറൽ വിഭാഗത്തിൽ 5666 കുടുംബങ്ങളും ,എസ്.സി വിഭാഗത്തിൽ 98 കുടുംബങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.702 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പടെ 6468 കുടുംബങ്ങളാണ് എല്ലാ വിഭാഗത്തിലും കൂടി പഞ്ചായത്തിൽ ഉള്ളത്.ഇവയിൽ 4452 കുടുംബങ്ങൾ മുൻഗണനാ വിഭാഗങ്ങളിൽ പെട്ടവയാണ്.(ഐ എ വൈ 630,ബി പി. എൽ 2082,മുൻഗണനാ വിഭാഗം 340,നിരാലംബരായ കുടുംബങ്ങൾ 110,മറ്റുള്ളവർ 660) .കുടുംബശ്രീ പ്രവർത്തകർ ലൈവി മിഷനുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വെ പ്രകാരം നിരവധിപേർ വീടില്ലാത്തവരും ഉണ്ട്.സ്വന്തമായി വീട് ഇല്ലാത്തവരും ,റിപ്പയർ ചെയ്ത് വാസയോഗ്യമായ വീടുകളും പഞ്ചായത്തിനകത്തുണ്ട്.ഇവ സൂഷ്മമായി പരിശോധ്ച്ച് ഭവനമില്ലാത്തവർക്ക് ഭവനവും ,സ്ഥലവും വാസയോഗ്യമായ വീടും ഇല്ലാത്തവർക്ക് അവയും അനുവദിച്ച് ഒരൊറ്റ ഭവനരഹിതരും പഞ്ചായത്തിൽ ഉണ്ടാകാൻ പാടില്ലെന്നതാണ് ഭരണസമിതിയുടെ ലക്ഷ്യം .

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതികളും ദാരിദ്ര ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി അനുവദിച്ചു പോരുന്നുണ്ട്.

വനിത വികസനം

ജൻമിത്വവും ഭ്രപ്രബുദ്ധതയും നിലനിന്നിരുന്ന പോയകാലത്ത് സ്ത്രീകൾ പൊതുവിൽ സാമൂഹ്യ രംഗങ്ങളിൽ ഇടപ്പെട്ടിരുന്നല്ല.വിദ്യാഭ്യാസം ശരിയായ നിലയിൽ നേടാനുള്ള അവസരം പോലും പലർക്കും നിഷേധിക്കപ്പെട്ടിരുന്നു.കുറച്ചെങ്കിലും സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നത് ജാതിയമായും സാമ്പത്തികമായും മുന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കായിരുന്നു.അവർ സർക്കാർ ജോലി ലക്ഷ്യമാക്കി പഠനം നടത്തിയിരുന്നില്ല.

പഞ്ചായത്ത് പ്രദേശത്തെ ആദ്യത്തെ വനിത ഉദ്യോഗസ്ഥയായി പ്രവർത്തിച്ചത് പുല്ലൂരിലെ കുഞ്ഞിപ്പെണ്ണ് 1954 ഗവൺമെൻറ് ഹോസ്പ്പിറ്റലിൽ ആയയായത് .പിന്നീട് അങ്ങോട്ട് അങ്ങിങ്ങായി ചിലർ സർക്കാർ മേഖലയിൽ കടന്നുവന്നു.സ്ത്രീകൾ ഭ്രരിപക്ഷം ജോലി ചെയ്തിരുന്ന സ്ഥാപലുനങ്ങൾ പുല്ലുരും ,പെരിയയിലും പ്രവർത്തിക്കുന്ന ദിനേശ് ബീഡി സൊസൈറ്റി ,സ്വകാര്യ മേഖലയിലെ ബീഡി തെറിപ്പിൽ ഏർപ്പെട്ടവർ,സ്വകാര്യ വ്യക്തികൾ നടത്തുന്ന കശുവണ്ടി സംസ്കരണ കേന്ദ്രങ്ങൾ,പുല്ലൂരിൽ പ്രവർത്തിക്കുന്ന സർക്കാർ സീഡ് ഫാം എന്നിവയാണ്.കൂടിൽ വ്യവസായമായി പ്രവർത്തിച്ചിരിക്കുന്ന കളിമൺ പാത്രനിർമ്മാണം അധികവും സ്ത്രീകളാണ് ജോലി ചെയ്തിരുന്നതെങ്കിലും ആ മേഖല ഇന്ന് ഇല്ലാതായി.

സ്ത്രീകൾ നേരിടുന്ന വലിയ പ്രശ്നം സുരക്ഷയുടേതാണ്.സഞ്ചാര സ്വാതന്ത്ര്യം പോലും നിഷേധിക്കുന്ന തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള കടന്നുകയറ്റം വർദ്ധിക്കുന്നു.ഇന്നു പൊതു സമൂഹം ചർച്ച ചെയ്യേണ്ട പ്രശ്നമാണ്.സ്വയം സുരക്ഷയ്ക്ക് വേണ്ടിയുള്ള കരാട്ടെ,ഹസ്തി തുടങ്ങിയവയും ആരോഗ്യ നേട്ടങ്ങൾക്കായുള്ള യോഗപരിശീലനം അടക്കം ഗൌരവമായി ചർച്ച ചയ്യേണ്ട പ്രശ്നങ്ങളാണ്.

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗക്കാർ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്.ആകെ ജനസംഖ്യയിൽ 540(പുരുഷൻ –257,സ്ത്രീ–283),133 കുടുംബങ്ങളിലും രണ്ടു സങ്കേതങ്ങളിലുമായാണ് ഇവരുടെ താമസം. ഒമ്പതാം പദ്ധതിക്കാലം മുതൽ പല സ്കീമുകളിൽ പ്പെടുത്തി വീടുകൾ നൽകിയുണ്ടായെങ്കിലും ചില കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്ത അവസ്ഥ ഇപ്പോഴും ഉണ്ട്.സ്വന്തമായി സ്ഥലമില്ലാത്തതാണ് ഇതിന് കാരണം.വിദ്യാഭ്യാസ പരമായി പട്ടിക വർഗ്ഗക്കാരെ അപേക്ഷിച്ച് കുറേയേറെ മുന്നോട്ട് പോയ വിഭാഗമാണ് പട്ടികജാതി.ഇവരിൽ വണ്ണാൻ,മലയൻ വിഭാഗങ്ങളിൽ പലരും ആചാരാനുഷ്ഠാനങ്ങളുടെ

ഭാഗമായുള്ള തെയ്യം കലാകാരൻമാരാണ്.അറിയപ്പെടുന്ന തെയ്യം കലാകാരനായ ശ്രീ.വിജയൻ പണിക്കരെ ഫോക് ലോർ അക്കാദമി ആദരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്.ആകെ ജനസംഖ്യയിൽ 540(പുരുഷൻ –257,സ്ത്രീ–283),133 കുടുംബങ്ങളിലും രണ്ടു സങ്കേതങ്ങളിലുമായാണ് ഇവരുടെ താമസം. ഒമ്പതാം പദ്ധതിക്കാലം മുതൽ പല സ്കീമുകളിൽ പ്പെടുത്തി വീടുകൾ നൽകിയുണ്ടായെങ്കിലും ചില കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്ത അവസ്ഥ ഇപ്പോഴും ഉണ്ട്.സ്വന്തമായി സ്ഥലമില്ലാത്തതാണ് ഇതിന് കാരണം.വിദ്യാഭ്യാസ പരമായി പട്ടിക വർഗ്ഗക്കാരെ അപേക്ഷിച്ച് കുറേയേറെ മുന്നോട്ട് പോയ വിഭാഗമാണ് പട്ടികജാതി.ഇവരിൽ വണ്ണാൻ,മലയൻ വിഭാഗങ്ങളിൽ പലരും ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായുള്ള തെയ്യം കലാകാരൻമാരാണ്.അറിയപ്പെടുന്ന തെയ്യം കലാകാരനായ ശ്രീ.വിജയൻ പണിക്കരെ ഫോക് ലോർ അക്കാദമി ആദരിച്ചിട്ടുണ്ട്

സാമൂഹ്യ നീതി

പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ആവശ്യമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുണ്ട് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ വയോജനങ്ങളുടെ മേഖല കുട്ടികളുടെ മേഖല എന്നിവയിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കണംപതിനാലാം പദ്ധതി കാലത്ത് നല്ല പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

വിദ്യാഭ്യാസം

ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പൊതു വിദ്യാഭ്യാസ മേഖലയിലെ പോരായ്മകൾ പരിഹരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ നവ കേരള കർമ്മ പദ്ധതികളായ നാലിലൊന്നാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇല്ലായ്മകൾ പരിഹരിച്ച് പശ്ചാത്തല സൗകര്യങ്ങൾ നവീകരിച്ച് വിപുലപ്പെടുത്തുക ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ് മുറികൾ സജ്ജമാക്കുക, സൗകര്യപ്രദമായ ലൈബ്രറികൾ, ലബോറട്ടറികൾ, എന്നിവ സജ്ജ മാക്കുക എന്നിവക്കാണ് ഊന്നൽ നൽകുന്നത്.ഈ സൗകര്യങ്ങളെല്ലാം തയ്യാറാക്കാൻ ആവശ്യമായ നിലയിൽ 45,000 ക്ലാസ് മുറികൾ സ്മാർട്ട് ആയി നിർമ്മിച്ച കഴിഞ്ഞു.

ആരോഗ്യം

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൌകര്യങ്ങൽ വർദ്ധിപ്പിച്ചും ആവശ്യമായ സ്റ്റാഫിനെ നിയമിച്ചും പി.എച്ച്.സി യിൽ കിടത്തി ചികിത്സ ആരംഭിക്കുകയും വഴി പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ ആരോഗ്യ പരിചരണം നൽകുവാൻ സാധിക്കും.രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവ ചികിത്സിക്കുക വഴി മെച്ചപ്പെട്ട ആരോഗ്യ സേവനം ഉറപ്പുവരുത്തുവാൻ കഴിയും.

കെട്ടിട സൌകര്യം ഇല്ലാത്ത ആശുപത്രികൾക്ക് സൌകര്യപ്രദമായ കെട്ടിടം നിർമ്മിക്കുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും വേണം.

കുടിവെള്ളം ,ശുചിത്വം

സമൂഹമാകെ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കുടിവെള്ളമാണ്.നാളിതുവരെ അനുഭവപ്പെടാത്ത കുടിവെള്ളം ക്ഷാമവും വരൾച്ചയുമാണ വർഷം നേരിട്ടു കൊണ്ടിരിക്കുന്നത്.വാഹനങ്ങളിൽ വെള്ളം എത്തിക്കാനും ,കിയോസ്കുകൾ സ്ഥാപിക്കാനും തുടങ്ങിയിട്ടുണ്ട്.ഇതിനെല്ലാം ഒരു പരിമിതിയുണ്ട്.പ്രധാന ജല സ്രോതസ്സ് മഴവെള്ളമാണ്.മഴവെള്ളം തടഞ്ഞു നിർത്തി മണ്ണിലെത്തിക്കാവാനുള്ള പ്രവർത്തനങ്ങളൊന്നും കാര്യമായി നടക്കുന്നില്ല.പഞ്ചായത്ത് പ്രദേശത്ത് മൂന്ന് നീർത്തടങ്ങൾ ഉണ്ട്.മഴക്കുഴിയുണ്ടാക്കിയും ,ബണ്ടുകൾ നിർമ്മിച്ചും ,മഴവെള്ള സംഭരണികൾ നിർമ്മിച്ചും കിണർ റിചാർജ് ചെയ്തും ജലം സംരക്ഷിക്കാനുള്ള പ്രവർത്തിക്കാനങ്ങൾ ഈ മഴക്കാലത്ത് ഏറ്റെടുക്കാൻ കഴിയണം

പഞ്ചായത്തിന് ഒരു എം സി എഫും 17 വാർഡുകളിലായി മിനി എം സി എഫും സ്ഥാപിച്ചിട്ടുണ്ട്.മൊയോലം ഗ്യാസ് ക്രിമിറ്റോറിയം യാഥാർത്ഥ്യമായി.ഖര മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

പൊതുമരാമത്ത്

പഞ്ചായത്ത് പ്രദേശത്താകെ യാത്രാ സൌകര്യത്തിനാവശ്യമായ റോഡുകളുൾ പൊതുവേയുണ്ട്.പലതും ആസ്തി രജിസ്റ്ററിൽ പ്പെടാത്ത സ്ഥിതിയുണ്ട്.ഇത് പെടുത്തിയാൽ മാത്രമേ ഭാവിയിൽ ഫണ്ട് ലഭിക്കുമ്പോൾ ഘട്ടം ഘട്ടമായെങ്കിലും അനുവദിക്കാൻ കഴിയു.ശ്രുചിത്വ പൂർണ്ണമായ റോഡ് സൌകര്യം നമുക്കാവശ്യമാണ്.പല റോഡുകളും വീതി കുറവായതിനാൽ വെള്ളം ഒഴുകി പോകാനുള്ള സൌകര്യം ഇല്ലാത്തതിനാൽ വെള്ളം റോഡിൽ കൂടി തന്നെ ഒഴുകി റോഡ് വേഗത്തിൽ പൊട്ടി പൊളിഞ്ഞു പോകുന്നു.റോഡുകൾക്ക് ഫണ്ട് വെക്കുമ്പോൾ വാർഡടിസ്ഥാനത്തിൽ വീതിക്കുന്നത് ആവശ്യമില്ല.കൂടുതൽ ജനങ്ങൾ ഉപയോഗിക്കുന്ന കൂടുതൽ ബസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ ഓടുന്ന റോഡിന് മുന്തിയ പരിഗണന നൽകണം.നമ്മുടെ ഘടക സ്ഥാപനങ്ങളിൽ ആവശ്യമായ കെട്ടിട സൌകര്യങ്ങൾ ഇനിയുണ്ട്.അവയുടെ അറ്റകുറ്റപ്പണി യഥാസമയം ചെയ്യുതീർക്കാനുള്ള നടപടി സ്വീകരിക്കണം.ഫണ്ടി ന്റെ അഭാവം മൂലം ഇത് ശ്രദ്ധിക്കാറില്ല.അങ്കൺവാടികളിലാണ് പ്രധാനമായും അറ്റകുറ്റ പണികൾ ആവശ്യമായുള്ളത്.വരും വർഷങ്ങളിൽ നിലവിൽ ടാർ ചെയ്യാൻ ബാക്കിയുള്ള എല്ലാ റോഡുകളും ടാർ ചെയ്യിക്കാൻ പദ്ധതികൾ തയ്യാറാക്കണം.വികസന ഫണ്ടിന് പുറമേ ,എം പി,എം.എൽ.എ ,നബാർഡ് ഫണ്ടുകൾ ഇതിനായി കണ്ടെത്തി പ്രയോജനപ്പെടുത്തണം.തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കേണ്ട ഒട്ടനവധി സ്ഥലങ്ങളുണ്ട്.

ജൈവവൈവിധ്യം ,ദുരന്തനിവാരണം ,കാലവസ്ഥ വ്യതിയാനം

ജൈവവൈവിധ്യങ്ങളുടെ അമൂല്യമായ കലവറയാണ് പുല്ലൂർ പെരിയ ഗ്രാമങ്ങൾ-ജലസ്രോതസ്സുകളും കാവുകളും ഉയർന്ന താഴ്വരകളും ആകെകൂടി 63.25 ച.കി വിസ്തൃതിയിലുള്ള ഗ്രാമമാണിത്,കടൽ തീരമില്ലാത്ത നിമ്ന്നോതമായ ചെങ്കൽപാറകളും ചരൽമണ്ണും നിറഞ്ഞ ഗ്രാമമാണ്.

കൃഷിയാണ് പഞ്ചായത്തിൻറെ പ്രധാന തൊഴിൽ മേഖല നെല്ല്,റബ്ബർ,കുരുമുളക്,തെങ്ങ് ,കശുമാവ് തുടങ്ങിയവയാണ് പ്രധാന കൃഷികൾ,പച്ചക്കറികൾ,കിഴങ്ങ് വർഗ്ഗങ്ങൾക്കും ഫലപൂയിഷ്ടമായ മണ്ണാണ് പുല്ലൂർ പെരിയയിൽ ഉള്ളത്.പുല്ലൂർ പെരിയ ഗ്രാമത്തിൻറെ പല ഭാഗങ്ങളിലും അന്താരാഷ്ട്ര മൂല്യമുള്ള മികച്ച പുകയില കൃഷിക്ക് പേര് കേട്ടതാണ്.

ചന്ദ്രഗിരിപുഴയുടെ കൈവഴിയായ മൂന്നാംകടവ് പുഴയും ,ചിത്താരി പുഴയും പുല്ലൂർ പെരിയയിലൂടെ ഒഴുകുന്നുണ്ട്.മഴവെള്ളം നീരൊഴുക്കിലൂടെ അതിവേഗം ഒഴുകി പോകുന്നതിനാൽ വേനൽകാലത്ത് കടുത്ത വരൾച്ച നേരിടുന്നുണ്ട്,പ്രകൃതി വിഭവങ്ങളുടെ ചൂഷണം മൂലം പ്രകൃതി സമ്പത്തിൽ ശോഷണം സംഭവിക്കുന്നുണ്ട്.പുതിയ തലമുറ കൃഷിയോട് പുറംതിരിഞ്ഞ് നിൽക്കുന്നതിനാലും പൊതുവെ കൃഷിലാഭകരമല്ലാത്തതിനാലും കൃഷിയിറക്കാതിരിക്കുന്നത് വർദ്ധിച്ച വരികയാണ്.നെൽ വയലുകൾ പാരമ്പര്യമായി സംരക്ഷിക്കപ്പെടുന്നതിനാലും ത്രിതലപഞ്ചായത്തുകളുടെ സഹായത്താലും ഒരു പരിധി വരെയെങ്കിലും സാധിക്കുന്നുവെന്നത് പ്രതീക്ഷനൽകുന്നതാണ്.

പ്രകൃതിദത്ത ജലശ്രോതസ്സുകൾ സംഭരക്ഷിച്ചുകൊണ്ടും ശാസ്ത്രീയമായ രീതിയിൽ മഴവെള്ള

സംരക്ഷണം നടപ്പിലാക്കി കൊണ്ടും ജലക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.വേനൽകാലത്ത് പഞ്ചായത്തിൻറെ വിവിധ ഭാഗങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.പ്രകൃതിയുടെ വിഭിന്നമായ വരദാനങ്ങൾ കൊണ്ട് സമ്പന്നമാണ് ഈ നാട്.ഔഷദ സസ്യങ്ങൾ ,അപൂർവ്വയിനം സസ്യങ്ങൾ ,അപൂർവ്വതരം പക്ഷികൾ,ജീവജാലങ്ങൾ എന്നിവയും ഈ നാടിൻറെ അനുഗ്രഹമാണ്.ആധുനികതയുടെ കുത്തൊഴുക്കിൽ പാരമ്പര്യ സമ്പത്തിനെ സംരക്ഷിച്ചു നിർത്തുക എന്ന ദൌത്യമാണ് നമ്മുക്ക് നിർവഹിക്കാനുള്ളത്.

ബീഡിതെറുപ്പ്,മൺപാത്ര നിർമ്മാണം (കായക്കുളം)തുടങ്ങിയ തൊഴിൽ സംരഭങ്ങളും നാശോൻമുഖമായി കൊണ്ടിരിക്കുകയാണ്.പ്രാദേശിക പ്രാധാന്യമുള്ള നാളികേരം,കശുവണ്ടി,മറ്റ ഭക്ഷ്യവിഭവങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള സൂഷ്മ സംരഭങ്ങൾക്ക് അനന്തസാധ്യതകളാണുള്ളത്.

പരിസ്ഥിതി പരിപാലനത്തിനും സമഗ്രപദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത കുറയ്ക്കാൻ ഇടപെടലിലൂടെ സാധിച്ചിട്ടുണ്ട്.പൊതുവേ ആവാസ സന്തുലിതമായ കാലാവസ്ഥയാണിവിടെയുള്ളത് .മതിയായ മഴലഭിക്കുന്നുണ്ടെങ്കിലും മഴവെള്ളം ഒഴുകി പോകുന്നതിനാൽ മതിയായ രീതിയിൽ പ്രതിരോധിക്കാനാവാത്തത് ന്യൂനതയാണ്. സർവ്വതല സ്പർശിയും പരസ്പരപൂരകവുമായ പ്രകൃദിദത്ത ജൈവവൈവിധ്യ പദ്ധതികൾ ശാസ്ത്രീയമായി നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

അദ്ധ്യായം -2

വാർഷിക പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2021 22 നടപ്പ് വാർഷിക പദ്ധതിയിൽ വിവിധ മേഖലകളിലെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് സാധിച്ചിട്ടുണ്ട് പദ്ധതികളും അതിന്റെ പൂർത്തീകരണ ഘട്ടത്തിലാണ്.പദ്ധതി കാലയളവിൽ പഞ്ചായത്തിന് വാതക ശ്മശാനം പൂർത്തീകരിക്കാൻ സാധിച്ചു.എല്ലാ വാർഡുകളിലും മിനി എം സി എഫ് കൾ സ്ഥാപിച്ചു.ഗ്രന്ഥ ശാലകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതി ഏറ്റെടുത്തു നടത്തി.

പതിമൂന്നാം പഞ്ചവത്സര കാലത്ത് നടത്തിയ വിവിധ മേഖലകളിൽ കൈവരിച്ച ലക്ഷ്യ ങ്ങളും യഥാർത്ഥ പ്രയോജനങ്ങളും ചുവടെകൊടുക്കുന്നു.

പൊതുഭരണവും ധനകാര്യവും

ക്രമ നമ്പർ	**മേഖല /ഉപമേഖല**	**പ്രോജക്ടിൻറെ പേര്**	**GEN /SCSP/ TSP**	**ചെലവഴിച്ച തുക**	**പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)**	**കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)**	**വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ**
1		എം സി എഫിലേക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ	GEN	2000000	എം സി എഫിൽ അടിസ്സന സൌകര്യങ്ങൾ വർദ്ധിപ്പിച്ചു.	ശുചിത്വ മാലിന്യ സംസ്കരണം ശാസ്ത്രീയമാക്കി	എം സി എഫിൽ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിച്ചു.
2		നെറ്റ് സീറോ കാർബൺ	GEN	200000	കാർബൺ സന്തുലിതാവസ്ഥ		
3		ഐ.എസ്.ഒ സാക്ഷ്യപത്രം നേടൽ(207,2013-14)	GEN	100000	ഐ.എസ്.ഒ സാക്ഷ്യപത്രം നേടി	ഐ.എസ്.ഒ സാക്ഷ്യപത്രം ലഭിച്ചു.	ഐ.എസ്.ഒ സാക്ഷ്യപത്രം ലഭിച്ചു.
4		തെരുവ് വിളക്ക് പരിപാലനം	GEN	1000000	എല്ലാ വാർഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചു.	എല്ലാ വാർഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചു.	എല്ലാ വാർഡുകളിലും തെരുവ് വിളക്കുകൾ സ്ഥാപിച്ചു.

5		ടേക്ക് എ ബ്രേക്ക് അമ്പലത്തറ കല്ല്യോട്ട് ശുചിമുറികളുടെ നിർമ്മാണം	GEN	2500000	കല്ല്യോട്ട്,അമ്പലത്തറ സ്ഥലത്ത് ആധുനിക രീതിയിലുള്ള ശുചി മുറി നിർമ്മാണം	കല്ല്യോട്ട്,അമ്പലത്തറ സ്ഥലത്ത് ആധുനിക രീതിയിലുള്ള ശുചി മുറി നിർമ്മാണം	കല്ല്യോട്ട്,അമ്പലത്തറ സ്ഥലത്ത് ആധുനിക രീതിയിലുള്ള ശുചി മുറി നിർമ്മാണം

വനിത വികസനം

ക്രമ നമ്പർ	**മേഖല /ഉപമേഖല**	**പ്രോജക്ടിൻറെ പേര്**	**GEN/SCSP/TSP**	**ചെലവഴിച്ച തുക**	**പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)**	**കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)**	**വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ**
1	സേവനം	അംഗണവാടി കലാമേള	GEN	15000	കലാകായിക സാംസ്കാരിക പ്രോത്സാഹനം കുട്ടികളിൽ	കലാകായിക സാംസ്കാരിക പ്രോത്സാഹനം കുട്ടികളിൽ	.
2		ജെൻർ റിസോഴ്സ് പ്രവർത്തനങ്ങൾ	GEN	100000	സാമൂഹ്യ സുരക്ഷിതത്വം	ഭൌതീക സാഹചര്യം മെച്ചപ്പെടുത്തൽ	ഭൌതീക സാഹചര്യം മെച്ചപ്പെടുത്തൽ
3		അംഗൺവാടികൾ സ്മാർട്ട് ആക്കൽ	GEN	6970000	അംഗൻവാടിക്ക് ഭൌതീക സാഹചര്യം മെച്ചപ്പെടുത്തുന്നു.	ഭൌതീക സാഹചര്യം മെച്ചപ്പെടുത്തൽ	

പട്ടികവർഗ്ഗ വികസനം

ക്രമ നമ്പർ	മേഖല /ഉപമേഖല	പ്രോജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുന്നതിനു ള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ
1		തുടി ഗോത്ര കലാമേള	gen	100000	കലാ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന്.	. കലാ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന്	അടിസ്ഥാന സൌകര്യം വർദ്ധിപ്പിച്ചു.
2	വയോജനക്ഷേമം	വയോജനങ്ങൾക്ക് കട്ടിൽ	TSP	261000	60 വയസ് കഴിഞ്ഞ ആരോഗ്യ പ്രശ്നങ്ങൾ ഉള്ള വയോജനങ്ങൾക്ക് കട്ടിൽ നൽകി.		

3		പ്രൊഫഷണല് കോളേജില് പഠിക്കുന്ന വിദ്യാര്ത്ഥികള്ക്ക് ലാപ്ടോപ്പ് 2015-16,227	TSP	233600			
4		എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്	TSP	168000			

സാമൂഹിക നീതി(ഭിന്നശേഷിയുള്ളവർ,വൃദ്ധർ,കുട്ടികൾ,ഭിന്നലിംഗ വിഭാഗം മുതലായവ)

ക്രമ നമ്പർ	മേഖല /ഉപമേഖല	പ്രോജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ
1	സേവനം	ഭിന്നശേഷിക്കാരായ വിദ്ധ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	GEN	1425000	ഭിന്നശേഷിക്കാരായ വിദ്ധ്യാർത്ഥികൾക്ക് പഠന സഹായം	സ്കോളർഷിപ്പ് ലഭ്യമാക്കൽ	
2	സേവനം	വയോജനങ്ങൾക്ക് കട്ടിൽ	GEN	365493	.വയോജന ക്ഷേമം	വയോജന ക്ഷേമം	
3	സേവനം	*ചാലിക്കാൽ പകൽ വീട് പ്രവർത്തനങ്ങൾ*	GEN	14000	വയോജന ശാരീരിക മാനസികാരോഗ്യം നിലനിർത്തുക	വയോജന ക്ഷേമം	

കൃഷി(ഉൽപ്പന്നവും സംസ്കരണവും വിപണനവും ഉൾപ്പടെ),മത്സ്യബന്ധനം,തൊഴിലുറപ്പ് പദ്ധതി,മണ്ണ് ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം മുതലായവ

ക്രമ നമ്പർ	മേഖല /ഉപമേഖല	പ്രോജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ
1		ഹരിതമിത്ര പച്ചക്കറികൃഷി	GEN	474710	5	4	സ്വയം തൊഴിൽ വരുമാനം
2		അന്നം സമ്പന്നം നെൽകൃഷി പരിപാലനം					
3		കേരമിത്ര	GEN	90000		ഉത്പാദന വർദ്ധനവ്	ഉത്പാദനച്ചെലവ് കുറയ്ക്കൽ ,ഉത്പാദന വർദ്ധനവ്

മൃഗസംരക്ഷണവും ക്ഷീരവികസനവും

ക്രമ നമ്പർ	മേഖല /ഉപമേഖല	പ്രോജക്ടിൻറെ പേര്	GEN/ SCSP /TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ
1	മൃഗസംരക്ഷണം	കറവപ്പശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം	GEN	2530000	250 കർഷകർക്ക് സബ്സിഡി നിരക്കിൽകാലിത്തീറ്റ വിതരണം ചെയ്യ.	ഉയർന്ന പാലുൽപാദനവും പ്രജനന ശേഷിയും	കാലിത്തീറ്റ വിതരണത്തിലൂടെ കന്നുകാലികളിൽ വന്ധ്യത കുറയ്ക്കുവാൻ സാധിച്ചു.പാൽ ഉൽപാദന വർദ്ധനവ് ഉണ്ടായി
4	മൃഗസംരക്ഷണം	പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി	GEN	5000000	നമ്മുടെ കാലാവസ്ഥയ്ക്ക് ഇണങ്ങിയ പശുക്കളെ ഉണ്ടാക്കൽ-800 എണ്ണം	എണ്ണറോളം വർഗ്ഗ ഗുണമുള്ള കീടാരികൾ വളർത്തിയെടുത്ത കറവപശു ആക്കാൻ സാധിച്ചു.	പഞ്ചായത്തിലെ പാലുൽപാദനം പ്രതിദിനം 500 ലിറ്റർ നിന്ന് 2500 ലിറ്റർ ആയി.25 വർഷം മുൻപ് പാൽ സൊസേറ്റികൾ ഇല്ലായിരുന്നു പെരിയയിൽ ഇന്ന് 5 സൊസേറ്റികൾ നിലവിൽ ഉണ്ട്.
5	ക്ഷീരവികസനം	പാലിന് സബ്സിഡി പദ്ധതി	GEN	5000000	പാൽസൊസേറ്റിയിൽ നടന്ന ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ വരെ സബ്സിഡി നൽകുന്നു.	പാൽസൊസേറ്റിയിൽ നടന്ന ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ വരെ സബ്സിഡി നൽകുന്നു.	കൂടുതൽ കർഷകരെ ക്ഷീരമേഖലയിൽ പിടിച്ചു നിർത്തി.പാലിന് ന്യായമായ വില കർഷകന് ലഭിക്കുന്നുണ്ടെന്ന് ഒരു പരിധി വരെ ഉറപ്പുവരുത്തി

പ്രദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം ,സൂക്ഷ്മ സംരഭങ്ങൾ)

ക്രമ നമ്പർ	മേഖല /ഉപമേഖല	പ്രോജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ
1	ഉൽപാദനം	മെറ്റേണിറ്റി വെയർ യൂണിറ്റ്	GEN	750000			സ്വയം തൊഴിൽ വരുമാനം

ദാരിദ്ര്യ ലഘൂകരണം(പാർപ്പിടം ഉൾപ്പടെ)

ക്രമ നമ്പർ	മേഖല ഉപമേഖല/	പ്രോജക്ടിൻറെ പേര്	GEN/SCSP /TSP	ചെലവഴിച്ച തു	പ്രതീക്ഷിച്ച പ്രയോജനം (ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനംഭൌതിക) (നേട്ടം	വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾനിഗമനങ്ങൾ/(തുടങ്ങിയവ
1	പാർപ്പിടം	പി എം എ വൈ പഞ്ചായത്ത് വിഹിതം	SCSP	150000	ഭവന രഹിതർക്ക് ഭവനം	ഭവന നിർമ്മാനം പൂർത്തീകരിച്ചു	ഭവന നിർമ്മാനം പൂർത്തീകരിച്ചു
2	പാർപ്പിടം	ലൈഫ് ഒന്നാം ഘട്ടം (ജനറൽ)	GEN	2000000	പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണം	10 ഭവനങ്ങൾ നിർമ്മിച്ചു.	ഭവന നിർമ്മാനം പൂർത്തീകരിച്ചു
3	പാർപ്പിടം	ലൈഫ് ഒന്നാം ഘട്ടം(പട്ടിക വർഗ വിഭാഗം)	GEN	480000	പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണം	ഭവന നിർമ്മാനം പൂർത്തീകരിച്ചു	ഭവന നിർമ്മാനം പൂർത്തീകരിച്ചു
4	പാർപ്പിടം	പട്ടിക വർഗ കുടുംബങ്ങളുടെ ഭവനം വാസയോഗ്യ മാക്കൽ	TSP	1800000	പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണം		

കുടിവെള്ളം ശുചിത്വം മുതലായവ

ക്രമനമ്പർ	മേഖല /ഉപമേഖല	പ്രോജക്ടിൻറെ പേര്	GEN/SCSP/TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾതുടങ്ങിയവ
1	കുടിവെള്ളം	ചെങ്ങറ കോളനിക്ക് ജലസേചനത്തിന് കിണർ നിർമ്മാണം(2012 13,183)	SCSP	150000	കുടിവെള്ള ലഭ്യത	ചെങ്ങറ കോളനിക്ക് ജലസേചനത്തിന് കിണർ നിരമ്മിച്ച് കുടിവെള്ളം ലഭ്യമാക്കി.	ചെങ്ങറ കോളനിക്ക് ജലസേചനത്തിന് കിണർ നിരമ്മിച്ച് കുടിവെള്ളം ലഭ്യമാക്കി
2	കുടിവെള്ളം	കുണിയചക്ലിയ കോളനി കുടിവെള്ള പദ്ധതി (49,2012/13 168,2014/15..78,2015/16)	TSP	1191076+1191076+1191076 =3573228	കുടിവെള്ള ലഭ്യത	കുണിയ ചക്ലിയ കോളനിയിൽ കുടിവെള്ള സൌകര്യം ലഭ്യമാക്കി	കുണിയ ചക്ലിയ കോളനിയിൽ കുടിവെള്ള സൌകര്യം ലഭ്യമാക്കി
3	ശുചിത്വം	MCF മൊയോലം	GEN	2000000	ഖരമാലിന്യ സംസ്കരണം		

4	ശുചിത്വം	ഇൻസിനറേറ്റർ	GEN	250000			

പൊതുമരാമത്ത്

ക്രമ നമ്പർ	മേഖല /ഉപമേഖല	പ്രോജക്ടിൻറെ പേര്	GEN/SCSP /TSP	ചെലവഴിച്ച തുക	പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)	കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)	വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ
2		ടേക്ക് എ ബ്രേക്ക് - പൊതുശൗചാലയത്തിന് അനുബന്ധ സൗകര്യങ്ങൾ	gen	606927	പെരിയ ടേക്ക് എ ബ്രേക്ക് പൊതുശൌചാലയത്തിന് അനുബന്ധ സൌകര്യങ്ങൾ വർദ്ധിപ്പിച്ചു.	പെരിയ ടേക്ക് എ ബ്രേക്ക് പൊതുശൌചാലയത്തിന് അനുബന്ധ സൌകര്യങ്ങൾ വർദ്ധിപ്പിച്ചു.	പെരിയ ടേക്ക് എ ബ്രേക്ക് പൊതുശൌചാലയത്തിന് അനുബന്ധ സൌകര്യങ്ങൾ വർദ്ധിപ്പിച്ചു.
3		ആയമ്പാറ യു പി സ്കൂൾ അറ്റക്കുറ്റപ്പണി	GEN	238823	ആയംപാറ സ്കൂൾ നവീകരിച്ചു		
4		ജി എൽ പി എസ്	GEN	400000	ചാലിംഗാൽ സ്കൂൾ		

		ചാലിങ്കാൽ അറ്റക്കുറ്റപ്പണി			നവീകരിച്ചു		
5		നെടുവോട്ടുപാറ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ	GEN	500000	നെടുവോട്ടുപാറ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തി		
6		പേരൂർ അഞ്ചാംവയൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ	GEN	203753	പേരൂർ അഞ്ചാംവയൽ റോഡ് അഭിവൃദ്ധിപ്പെടുത്തി		
7		നാലക്ര പെരിയാനം റോഡ് ടാറിംഗ്	GEN	400000	നാലക്ര പെരിയാനം റോഡ് ടാറിംഗ് നടത്തി		
8		പുല്ലൂർ കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്	gen	100000	പുല്ലൂർ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു		
9		എസ് ടി കമ്മ്യൂണിറ്റി ഹാളുകളുടെ നവീകരണം	TSP	150000	എസ് ടി കമ്മ്യൂണിറ്റി ഹാളുകളുടെ നവീകരണം നടത്തി		

10		എം സി എഫി ൽ അധിക സൌകര്യം ഒരുക്കൽ വർക്ക് ഷെഡ്	GEN	3300000	എം സി എഫിൽ അധിക സൌകര്യം ഒരുക്കി		
11		കൂടാനം മഠത്തിൽ കോളനി റോഡ് റോഡ് കോൺക്രീറ്റ്	GEN	1360000	ആയംപാറ സ്കൂളിൽ ഷീ ടോയ്ലറ്റ് നിർമ്മിച്ചു കൂടാനം മഠത്തിൽ കോളനി റോഡ് റോഡ് കോൺക്രീറ്റ്		
12		കമ്മാടത്തുപാറ തൊടുപ്പനം റോഡ് ടാറിംഗ്	GEN	300000	കമ്മാടത്തുപാറ തൊടുപ്പനം റോഡ് ടാറിംഗ് നടത്തി		
13		ജി യു പി എസ് പുല്ലൂർ ടോയ് ലറ്റ് നിർമ്മാണം	GEN	617959	ജി യു പി എസ് പുല്ലൂർ ടോയ് ലറ്റ് നിർമ്മാണം		
14		പുല്ലൂർ യു പി സ്കൂൾ ബോർവെല്ലിന് മോട്ടോർ സ്ഥാപിക്കലും	GEN	212193	പുല്ലൂർ യു പി സ്കൂൾ ബോർവെല്ലിന്		

		അനുബന്ധ പ്രവർത്തികളും			മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തികളും		

വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജന കാര്യം

ക്രമ നമ്പർ	**മേഖല /ഉപമേഖല**	**പ്രോജക്ടിൻറെ പേര്**	GEN/SCSP/TSP	**ചെലവഴിച്ച തുക**	**പ്രതീക്ഷിച്ച പ്രയോജനം(ഭൌതിക ലക്ഷ്യം)**	**കൈവരിച്ച യഥാർത്ഥ പ്രയോജനം(ഭൌതിക നേട്ടം)**	**വിജയം കൈവരിച്ചതായി വിലയിരുന്നതിനുള്ള കാരണങ്ങൾ)/നിഗമനങ്ങൾ തുടങ്ങിയവ**
1		ലൈബ്രറികളുടെ ഡിജിറ്റലാസേഷൻ	GEN	100000	പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങി നൽകി.	പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ	പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങി നൽകി വായന ശീലം വർദ്ധിപ്പിക്കുക.
2		വായനാഗ്രാമം	GEN	10000	പഞ്ചായത്തിലെ സ്കൂളുകൾക്ക് പത്രവിതരണം നടത്തി	കുട്ടികളുടെ വായനശീലം വർദ്ധിപ്പിക്കുക	പഞ്ചായത്തിലെ സ്കൂളുകളിൽ പത്ര വിതരണം നടത്തി കുട്ടികളുടെ വായനശീലം വർദ്ധിപ്പിച്ചു.

3	കായിക വികസനം	യുവഗ്രാമം	GEN	100000	കായിക വികസനം	ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകി യുവജനങ്ങളുടെ കായിക വികസനം .	ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകി യുവജനങ്ങളുടെ കായിക വികസനം വർദ്ധിപ്പിച്ചു.

അദ്ധ്യായം -3

പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും

പൊതുഭരണവും ധനകാര്യവും

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾക്കൊപ്പം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി ഫയലുകളാണ് സൃഷ്ടിക്കപ്പെട്ട് വരുന്നത്.ലഭ്യമായ വിവരങ്ങൾ, ഫയലുകൾ എന്നിവയിൽ നിന്നും പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഒട്ടേറെ വിവരങ്ങൾ ആവശ്യമായി വരുന്നുണ്ട്. ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് മുൻകാല രേഖകളുടെ ക്രമപ്പെടുത്തൽ ആവശ്യമാണ് ഗ്രാമപഞ്ചായത്തുകളിൽ ഇ ആർ പി സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2022ഏപ്രിൽ ഒന്നു മുതൽ പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലും ഐ എൽ ജി എം എസ് ആരംഭിച്ചുകഴിഞ്ഞു നിലവിൽ ഫ യലുകൾ കടലാസു രഹിത മായാ ണ് ചെയ്തുവരുന്നത് മുൻകാല രേഖകളും സോഫ്റ്റ്വെയർ സംവിധാനം വഴി ക്രമപ്പെടുത്തു ന്നതിനുള്ള ക്രമീകരണം വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതുണ്ട്.
വിവിധമേഖലകളിലെ പ്രശ്ന വിശകലനവും പരിഹാരം സാധ്യതകളും ചുവടെ കൊടുക്കുന്നു.

ക്ര. നം	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം	പ്രശ്ന തീവ്രത			പ്രശ്ന കാരണം, വെല്ലുവിളികൾ	പ്രശ്ന പരിഹാരത്തിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ			
			ലഘു തരം	ഗുരു തരം	അതീവ ഗുരു തരം		ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചാ	സർക്കാർ
1	കെട്ടിടസൌകര്യം	പഞ്ചായത്തോഫീസ്		v		പഴയ കെട്ടിടം, ഇടുങ്ങിയ മുറികൾ, ഓഫീസ് പ്രവർത്തനത്തിന് പ്രയോജനകരമല്ലായ്മ	v			
2		ഘടക സ്ഥാപന ഓഫീസുകൾ		v		പഴയ കെട്ടിടം, ഇടുങ്ങിയ മുറികൾ, ഓഫീസ് പ്രവർത്തനത്തിന് പ്രയോജനകരമല്ലായ്മ	v			

3	രേഖകളുടെ കംപ്യൂട്ടർവത്കരണത്തിലെ വീഴ്ച	പഞ്ചായത്തോഫീസ്		v		വസ്തു നികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസുകൾ എന്നിവയുടെ ഡാറ്റാ എൻട്രി സമയബന്ധിതമായി പൂർത്തിയാകാത്തതും സാങ്കേതിക സഹായം നൽകുന്ന ഐ.കെ.എമ്മിൻറെ ഭാഗത്തു നിന്നുള്ള വീഴ്ചകളും		v		v
4	സേവന പ്രദാനത്തിലെ കാലതാമസം	പഞ്ചായത്തോഫീസും, ഘടക സ്ഥാപന ഓഫീസുകളും		v		സമയബന്ധിതമായി പൌരവകാശ രേഖയിൽ നിഷ്കർഷിക്കും പ്രകാരം സേവന പ്രദാനം ചെയ്യുന്നതിൽ ഉണ്ടാകുന്ന വീഴ്ച	v			

കൃഷി

കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ പുല്ലൂർ-പെരിയയിലുണ്ട്. നെൽ വയലുകളിൽ 160 ഹെക്ടറോളം നെൽകൃഷി ചെയ്തു വരുന്നുണ്ട്. 1110 ഹെക്ടർ തെങ്ങും 2250 ഹെക്ടർ നാണ്യ വിളകളും കൃഷി ചെയ്ത് വരുന്ന ഈ പഞ്ചായത്തിൽ 3 സീസണുകളിലായി പച്ചക്കറിയും ചെയ്തു വരുന്നുണ്ട്. മേൽ വിളകൾക്കെല്ലാം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശ സ്ഥാപനങ്ങൾ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനാൽ കർഷകർക്ക് വലിയ സഹായമാകുന്നുണ്ട്. സൗജന്യമായി നെൽവിത്ത് ഉൾപ്പടെയുള്ള നടീൽ വസ്തുക്കളും ഉൽപാദനോപാധികൾക്ക് സാമ്പത്തിക സഹായവും നെല്ല്, പച്ചക്കറി എന്നീ വിളകൾക്ക് കൂലിച്ചെലവും നൽകുന്നത് കൂടാതെ ഉൽപാദിപ്പിച്ച നെല്ല് സപ്ലൈകോ വഴി ഉയർന്ന വിലയ്ക്ക് സംഭരിക്കുന്നതും കൂടുതൽ കർഷകരെ നെൽകൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിന് സഹായിക്കുന്നു. 72.44 ലക്ഷം കാർഷിക മേഖലയിൽ ചെലവഴിച്ചുകൊണ്ട് തദ്ദേശ സ്ഥാപനങ്ങൾ എന്നും കർഷകരുടെ കൂടെയാണെന്ന് ഉറപ്പിച്ച വർഷമാണ് 2021-22. അതോടൊപ്പം തന്നെ ഭാരതീയ പ്രകൃതികൃഷി, പരമ്പരാഗത് കൃഷി വികാസ് യോജന തുടങ്ങിയ പദ്ധതി നടപ്പിലാക്കുന്നത് വഴി ജൈവ പഞ്ചായത്ത് എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കൃഷി വകുപ്പ് ശക്തമായ പിന്തുണ നൽകിയും വരുന്നുണ്ട്. കാർഷിക സേവന കേന്ദ്രം വഴി കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ചുള്ള കൃഷി വ്യാപകമാക്കിയത് മൂലം ഉത്പാദനച്ചെലവിൽ ഗണ്യമായ കുറവ് വരുത്താനും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനും സാധിച്ചത് വഴി കർഷകന്റെ അറ്റാദായം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൃഷി പ്രവർത്തനങ്ങളുമായി സമഗ്രമായി ബന്ധിപ്പിച്ചുകൊണ്ട് മുന്നേറാൻ സാധിക്കാത്തത് കർഷകരിൽ നിരാശയുണ്ടാക്കുന്നു എന്നുള്ളത് പരമാർത്ഥമാണ്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ഇരുപതിലധികം മഴമറ യൂണിറ്റുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനായി മൂന്ന് ജില്ലാ ക്ലസ്റ്ററുകളും കൃഷി ഭവൻ നടപ്പിലാക്കുന്നുണ്ട്. വരും വർഷങ്ങളിൽ കർഷകന്റെ വരുമാനത്തിൽ കുറഞ്ഞത് 25 ശതമാനമെങ്കിലും വർദ്ധനവ് വരുത്തുക എന്നുള്ളതാണ് ഗ്രാമ പഞ്ചായത്ത് കൃഷി ഭവന്റെ ലക്ഷ്യം.

			ലഘു	ഗുരുതരം	അതീവ ഗുരുതരം		സാധ്യത പരിഗണിച്ചാÂ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേ-തായ പ്രവർത്തനങ്ങൾ എന്തെÃാം?*		
							ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ	കീഴ്തട്ട് പഞ്ചായത്ത് തലത്തിൽ	മുകൾതട്ട് പഞ്ചായത്ത് തലത്തിൽ
1	ഗ്രണനിലവാരമുള്ള ജൈവ ഉല്പാദനോപാദികൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ കർഷകർക്ക് ലഭ്യമാകാത്തതിനാൽ ജൈവ കൃഷിയിൽ പ്രതീക്ഷിത ലാഭം കൈവരിക്കാൻ കഴിയുന്നില്ല .		√			സ്വകാര്യ മേഖലയിലെ ഏജൻസികളിൽ നിന്നും ഗ്രണമേന്മയുള്ള ഉല്പാദനോപാദികളും , നടീൽ വസ്തുക്കളും ലഭിക്കുന്നില്ല	√		
2	ശാശ്ത്രീയ ജലസേചനരീതി അവലംബിക്കാത്തതിനാൽ ജലദുരുപയോഗം നടക്കുന്നതോടൊപ്പം പ്രതീക്ഷിച്ച ഉല്പാദനവർദ്ധനവ്				√	ശാശ്ത്രീയ ജലസേചന മാർഗ്ഗങ്ങൾ അവലംബിക്കാത്തത്	√		√
3	സമയബന്ധിതമായി തൊഴിലാളികളെ ലഭിക്കാത്തതും കൂലിച്ചെലവ് വർധിക്കുന്നതും നെൽകൃഷിയിൽനിന്ന് കർഷകർ പിന്തിരിയുന്നതിനു കാരണമാകുന്നു			√		വിദഗ്ധ കാർഷിക തൊഴിലാളികളുടെയും യന്ത്രങ്ങളുടെയും അപര്യാപ്തത	√		

മൃഗസംരക്ഷണം

ക്ര. നം	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം	പ്രശ്ന തീവ്രത			പ്രശ്ന കാരണം, വെല്ലുവിളികൾ	പ്രശ്ന പരിഹാരത്തിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ			
			ലഘു തരം	ഗുരു തരം	അതീവ ഗുരു തരം		ഗ്രാമപഞ്ചായത്ത്	ബ്ളോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	സർക്കാർ തലത്തിൽ
1	കന്നുകാലി കർഷകർ കാലിവളർത്തലിൽ നിന്ന് പിന്നോക്കം പോകുന്നു.	പഞ്ചായത്ത് ആകെ		V		മേച്ചിൽപുറങ്ങളുടെ കുറവ്,കാലാവസ്ഥ വ്യതിയാനം ,പുൽകൃഷി വേണ്ടവിധം ഇല്ലാത്തത്,പാലിന് വില കുറവ്	ടൂറിസ്റ്റ് സ്ഥലങ്ങളിൽ തദ്ദേശീയമായ പാലുൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സ്റ്റാളുകൾ തുടങ്ങുക,10മാസമെങ്കിലും കാലിത്തീറ്റ സബ്സിഡി നൽകുക			പാൽപ്പൊടി നിർമ്മാണ യൂണിറ്റുകൾ തുടങ്ങൽ
2	കർഷകർ നൂതന വളർത്തു രീതികൾ അവലംബിക്കാത്തത്	ചിലകർഷകർ ഒഴികെ ബാക്കി പഞ്ചായത്തി മുഴുവൻ	V			നൂതന രീതികളോടുള്ള വിമുഖത ടെയിനിംഗ്കളുടെ കുറവ്				ടെയിനിംഗ് സംഘടിപ്പിക്കുന്നത്
3	മുട്ടക്കോഴി വിതരണം	പഞ്ചായത്ത് ആകെ			V		കാസർഗോട് ജില്ലയിൽ ഗവൺമെൻറ് ഹാച്ചറികൾ ഇല്ലാത്തതിനാൽ നല്ല ഇനം കോഴിക്കുഞ്ഞുങ്ങളെ നൽകാൻ സാധിക്കുന്നില്ല			

പ്രാദേശിക സാമ്പത്തിക വികസനം

ക്രമ നമ്പർ	പ്രശ്നങ്ങൾ	പ്രശ്ന ബാധിത പ്രദേശം, വിഭാഗം	പ്രശ്നത്തിന്റെ തീവ്രത (✓ചെയ്യുക)			പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ	പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ			
			ലഘു	ഗുരു	അതീവ ഗുരുതരം		സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം?*			
							ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ	പഞ്ചായത്തുകൾക്കിടയിൽ	മുഴുവൻ പഞ്ചായത്തുകളിലും	സർക്കാർ തലത്തിൽ
1	ലൈസൻസ് ഇല്ലാത്ത സംരംഭം		√			അവബോധ ഇല്ലായ്മ	ബോധവൽക്കരണം			
2	പരിസ്ഥിതി മലിനീകരണം	ജന്തുജാലങ്ങൾ		√		അവബോധ ഇല്ലായ്മ	മാലിന്യ സംസ്ക്കരണ സംവിധാനം സ്വന്തമായി ചെയ്യാൻ പ്രേരിപ്പിക്കുക			
3	സർക്കാർ ഭൂമി ഉപയോഗിക്കാതിരിക്കൽ	പ്രാദേശിക വികസനം				സർക്കാർ ഭൂമി കുറഞ്ഞു വരുന്നു.				ലഭ്യമായ സർക്കാർ ഭൂമി മികച്ച സംരംഭങ്ങൾക്കായി മാറ്റി വെയ്ക്കുക.
4	വ്യക്തിഗത സംരംഭങ്ങൾക്കുള്ള സബ്സിഡികുറവ്	വ്യക്തിഗത വരുമാനം				ഗവൺമെന്റ് നോംസ് പ്രകാരം വ്യക്തിഗത സബ്സിഡിക്ക് പരിധിയും പരിമിതിയും ഉണ്ട്.				മികച്ച വ്യക്തിഗത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ സബ്സിഡി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുക

